# 55. അഴിമതി

മാരകമായ കാൻസർ രോഗംപോലെ ഇന്ത്യൻസമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന അഴിമതിയെപ്പറ്റിയാണ് ഈ ലേഖനം.

ആസാം സംസ്ഥാനത്തിലെ ഗവർണരായിരുന്ന ശ്രീ എൽ. പി. സിംഗ് അടുത്തകാലത്ത് ബീഹാറിലെ ദർഭംഗയിൽ ചെയ്ത മൂന്നു പ്രസംഗങ്ങൾ ഇന്ത്യയിലെ അഴിമതിയെന്ന പ്രശ്നത്തിന്റെ വിവിധ വശങ്ങളിലേക്കു ക്രൂരമായ വെളിച്ചം വീശുന്നുണ്ട്. ഇന്ത്യയിൽ അധികാരത്തിന്റെ ഉന്നതമണ്ഡലങ്ങളിൽ അഴിമതി ഭയാനകമാംവിധം വർധിച്ചിരിക്കുന്നു എന്ന് ശ്രീ സിംഗ് ഉറപ്പിച്ചു പറയുന്നു. മാത്രമല്ല അനിവാര്യമെന്നു കരുതി നാം എല്ലാ തലത്തിലും അഴിമതിയെ ചെറുക്കാതെ അംഗീകരിക്കുകയും ചെയ്യുന്നു. ചികിത്സിക്കാനാകാത്തവിധം ഇന്ത്യയിൽ അഴിമതിയെന്ന രോഗം മൂർച്ഛിച്ചിരിക്കുന്നു. ഇതിൽനിന്ന് നമുക്ക് ഇനി രക്ഷപ്പെടാനാവില്ല എന്ന നില എത്തിയിരിക്കുന്നു. അഴിമതിയെ നാം ഒരു സ്ഥാപനമാക്കി മാറ്റിയിരിക്കുന്നു. അഴിമതിയിൽ വേരുറച്ച ഒരു പുതിയ രാഷ്ട്രീയസംസ്കാരം ഇവിടെ വളർന്നുവന്നിരിക്കുന്നു. ഈ സംസ്കാരപ്രകാരം ഫണ്ടുപിരിവാണ് രാഷ്ട്രീയ പ്രവർത്തകരുടെ ന്യായവും അനിവാര്യവുമായ 'രാഷ്ട്രീയ പ്രവർത്തനം.' പാട്ടികളും, പാർട്ടികൾക്കകത്തെ ഗ്രൂപ്പുകളും ഒറ്റയൊറ്റ രാഷ്ട്രീയ പ്രവർത്തകരും, എല്ലാം ധാർമിക പരിഗണനകളോ ബാഹ്യനിയന്ത്രണങ്ങളോ ഇല്ലാതെ പിരിവു നടത്തുന്നു. പിരിവിന്റെ ഉദ്ദേശം രാഷ്ട്രീയമാണെന്നാണു പറയുക. പക്ഷേ, പിരിച്ച പണത്തിൽ എത്ര ശതമാനം പിരിവുകാരന്റെ സ്വന്തം പോക്കറ്റിലേക്കു പോകുന്നു എന്നു ദൈവത്തിനു മാത്രമേ അറിയൂ.

പാർട്ടി ഫണ്ടു പിരിവുകൾക്കൊന്നും കണക്കുവെക്കാറില്ല. പിരിവുകാരനു പാർട്ടിയോട് ഉത്തരവാദിത്തമില്ല. കണക്കില്ലാത്ത സ്ഥിതിക്ക് ഓഡിറ്റ് ഇല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. അമേരിക്കയിൽ രാഷ്ട്രീയപ്പാർട്ടികളുടെ വരവുചെലവുകൾ പ്രസിദ്ധപ്പെടുത്താറുണ്ട്. ഇന്ത്യയിൽ അതില്ല. ഇന്ത്യയിലെ പാർട്ടിഫണ്ട് പിരിവു മുഴുവൻ രഹസ്യമായിട്ടാണ്. കൊടുത്തവനും വാങ്ങിയവനും മാത്രമേ അതു് അറിഞ്ഞുകൂടൂ. സമൂഹ നന്മയ്ക്കോ, സ്റ്റേറ്റിനോ നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിലല്ല, രഹസ്യമായി ഫണ്ട് പിരിക്കുന്നതിനുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ രാഷ്ട്രീയപ്രവർത്തകർ ഉയർന്ന സ്ഥാനങ്ങളിൽ കയറിപ്പറ്റുന്നത്. അതേ സമയം, ഉയർന്ന സ്ഥാനങ്ങളിലുള്ളവർക്കെതിരെ അഴിമതി നിരോധ നിയമങ്ങൾ പ്രയോഗിക്കുകയെന്നതു് ഇന്ത്യയിൽ അചിന്തനീയമായിത്തീർന്നുമിരിക്കുന്നു.

അഴിമതി, അധാർമിക രാഷ്ട്രീയം, ഭരണത്തിന്റെ അധഃപതനം എന്നിവ ചങ്ങലപോലെ, പരസ്പര പൂരകങ്ങളായി വളരുന്നു. ഇവയ്ക്കിടയിലെ സുപ്രധാനമായ ഒരു കണ്ണിയാണു കാലുമാറ്റം. ഇന്ത്യയിൽ നിയമസഭാംഗങ്ങളെ വിലയ്ക്കു വാങ്ങുന്നു: അവർ തങ്ങളെത്തന്നെ വിലയ്ക്കു വിൽക്കുന്നു. ഡോക്ടർമാർക്കും വക്കീൽമാർക്കും ചില തൊഴിൽ മര്യാദകളുണ്ട്. രാഷ്ട്രീയ പ്രവർത്തകർക്കു മാത്രം ഒരു തൊഴിൽ മര്യാദയുമില്ല.

ഈ രാഷ്ട്രീയ പ്രവർത്തകരാണുതാനും സമൂഹത്തിന്റെ ഭാഗധേയത്തെ അഗാധമായി ബാധിക്കുന്ന നിർണയങ്ങൾ എടുക്കുന്നതും നടപടികൾ കൈക്കൊള്ളുന്നതും.

രാഷ്ട്രീയം ഇങ്ങനെ അധഃപതിച്ചപ്പോൾ ഇന്ത്യയിലെ ഭരണകൂടങ്ങൾ അഴിമതിയുടെ കൂടകളായി മാറി. താഴ്ന്ന തലങ്ങളിൽ മാത്രമല്ല, ഭരണത്തിന്റെ ഉന്നതതലങ്ങളിലും അഴിമതി തഴച്ചുവളരുകയാണെന്ന് പഴയ ഒരു ഐ. സി. എസ്. കാരനും മുൻഗവർണറുമായ ശ്രീ എൽ.പി. സിംഗ് പറയുമ്പോൾ നാം അതു വിശ്വസിക്കതന്നെ വേണം. കോഴ കൊടുക്കാതെ ഗവണ്മെൻറിൽ ഒരു കാര്യവും നടക്കില്ലെന്ന വിശ്വാസം ഇന്നു സാർവത്രികമായിട്ടുണ്ട്. തികച്ചും നിയമവിധേയമായ ഒരു കാര്യം സാധിച്ചുകിട്ടാൻ താൻ പതിനെട്ടു സർക്കാരുദ്യോഗസ്ഥന്മാർക്കു കോഴ കൊടുക്കേണ്ടിവന്നതായി ഒരു ഇടത്തരം വ്യവസായി ശ്രീ സിംഗിനോടു പറഞ്ഞുവത്രേ. അതിർകവിഞ്ഞു ചുമത്തിയ ആദായനികുതി ഒഴിവാക്കിക്കിട്ടാൻ അപ്പീൽ പോകുന്നതിൽ എത്രയോ കൂടുതൽ എളുപ്പമാണു കോഴ കൊടുക്കുന്നതു്. ഇന്ത്യയിൽ അധികാരമുള്ളവർക്കു് ഒരു ശങ്കയുംകൂടാതെ സാമാന്യമര്യാദ മാത്രമല്ല, നാട്ടിലെ നിയമങ്ങളും ലംഘിക്കാം. നിയമങ്ങൾ എട്ടുകാലിവലപോലെയാണ്. കൊച്ചുപ്രാണികൾ മാത്രമേ അതിൽ കുടുങ്ങുകയുള്ളു. ഇപ്പോഴിപ്പോൾ കൊച്ചുപ്രാണികളിൽത്തന്നെ കുറച്ചെങ്കിലും മിടുക്കുള്ളവ അതിൽ കുടുങ്ങാതായിരിക്കുന്നു.

അഴിമതിയുടെ വലിയൊരു ഉറവ കള്ളപ്പണമാണെന്നു് ശ്രീ സിംഗ് കരുതുന്നു. ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നതു കള്ളപ്പണം ഉപയോഗപ്പെടുത്തിയാണ്. വ്യവസായികളും കച്ചവടക്കാരും കൺട്രാക്ടർമാരും കള്ളക്കടത്തുകാരും നികുതിവെട്ടിപ്പുകാരും തട്ടിപ്പുകാരും ഒക്കെ, തങ്ങളുടെ കള്ളപ്പണത്തിന്റെ ഒരു ഭാഗം തെരഞ്ഞെടുപ്പുകളിൽ നിക്ഷേപിയ്ക്കാൻ തയ്യാറാണ്. അവർക്കു് അതുകൊണ്ടു പ്രയോജനമുണ്ട്. തങ്ങളുടെ കുത്സിത പ്രവൃത്തികൾ നിർബാധമായി തുടർന്നു നടത്താൻ ഈ ധനനിക്ഷേപം അവർക്കു കഴിവു നൽകുന്നു.

ഇന്ത്യയിൽ മുപ്പത്തിനാലായിരം കോടി രൂപയോളം കള്ളപ്പണം വ്യാപരിക്കപ്പെട്ടുവരുന്നുണ്ടത്രേ. നികുതിവെട്ടിപ്പാണു കള്ളപ്പണം പെരുകാനുള്ള മുഖ്യകാരണം. പൂഴ്ത്തിവെച്ചും കള്ളക്കണക്കെഴുതിയും കള്ളപ്പണമുണ്ടാക്കാത്ത വ്യവസായികളോ, വ്യാപാരികളോ ഇന്ത്യയിൽ കുറവാണ്. കയററുമതിയുടെ വില കുറച്ചു കാണിക്കുക, ഇറക്കുമതിയുടെ വില കൂട്ടിക്കാണിക്കുക മുതലായവ നികുതിവെട്ടിപ്പിനുള്ള ചില മാർഗങ്ങളത്രേ. ഇങ്ങനെയൊക്കെ വളരെയധികം കള്ളപ്പണം വിദേശബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു.

ഇന്ത്യയിൽനിന്നു വൻതോതിൽ വെള്ളിയും മയക്കുമരുന്നുകളും പുറമേക്കു കളവായി കടത്തുന്നു. മറുനാടുകളിൽനിന്നു സ്വർണം ഇങ്ങോട്ടും കടത്തുന്നു. കള്ളപ്പണനിക്ഷേപത്തിനുള്ള ഒരു പ്രധാന മേഖലയാണു സ്വർണത്തിന്റെ കള്ളക്കടത്ത്. ക്ഷേത്രങ്ങളിലെ ബിംബങ്ങളും മററും കട്ടു കടത്തിയും ഒട്ടേറെ കള്ളപ്പണം വിദേശങ്ങളിൽ ശേഖരിക്കപ്പെടുന്നുണ്ട്. നാട്ടിനുള്ളിൽ പലേടത്തും അനധികൃതങ്ങളായ ഫാക്ടറികൾ പ്രവർത്തിക്കുന്നു. പൂഴ്ത്തിവെപ്പ്, മായം ചേർക്കൽ, കൃത്രിമാനുകരണ നിർമാണം മുതലായ പ്രവർത്തനങ്ങൾ നിർബാധം നടക്കുന്നു. ഇങ്ങനെയൊക്കെ നേടിയ പണം കണക്കിൽ കാണിക്കാൻ പററുകയില്ലല്ലോ. ആണ്ടുതോറും കള്ളപ്പണം വർദ്ധിച്ചുവരുന്നതിന് ഇതെല്ലാം കാരണമാവുന്നു.

മുതലാളിത്തമോ, മിശ്ര സമ്പദ് വ്യവസ്ഥയോ നിലവിലുള്ള ജനാധിപത്യ രാജ്യങ്ങൾക്കിടയിൽ കള്ളപ്പണത്തിന് ഏററവുമധികം വൈപുല്യവും വ്യാപ്തിയും സ്വാധീനശക്തിയുമുള്ള രാജ്യം ഇന്ത്യയാണ് എന്ന് ശ്രീ സിംഗ് പറയുന്നു. ഇതെങ്ങനെ സംഭവിച്ചു?

കള്ളപ്പണത്തിന്റെ വളർച്ച തടയാൻ തക്ക സമയത്തു കേന്ദ്രസർക്കാർ നടപടിയെടുക്കാതിരുന്നതാണ് ഈ ദുരന്തത്തിനു കാരണമെന്ന് ശ്രീ

സിംഗ് കരുതുന്നു. കള്ളപ്പണം പുറത്തുകൊണ്ടുവരുന്നതിനും നൂറു രൂപ നോട്ടുകൾ പിൻവലിക്കുകയടക്കം കർശന നടപടികൾ കൈക്കൊള്ളണമെന്ന് സന്താനം കമ്മിറ്റിയും വാഞ്ചു കമ്മിറ്റിയും ശുപാർശ ചെയ്തു. കേന്ദ്രഗവണ്മെൻറ് ചെവിക്കൊണ്ടില്ല. നേരെമറിച്ച്, കള്ളപ്പണക്കാരോടു തങ്ങളുടെ കള്ളപ്പണം സ്വേച്ഛയാ പ്രഖ്യാപിക്കാനും ബെയറർ ബോണ്ടുകളിൽ നിക്ഷേപിക്കാനും അഭ്യർത്ഥിക്കുകയാണു കേന്ദ്രസർക്കാർ പലകുറി ചെയ്തത്. ഫലമോ? കള്ളപ്പണം ഇന്നാട്ടിൽ വേരുറച്ചുവരുകയാണെന്ന ബോധം പരന്നു; കള്ളപ്പണത്തിൻെറ ഗുണം അനുഭവിക്കുന്ന അധികാരിവർഗം അതിൻെറ വളർച്ച തടുക്കുവാൻ കാര്യമായി ഒന്നും ചെയ്യുകയില്ലെന്ന ദൃഢവിശ്വാസം കള്ളപ്പണക്കാർക്കു കൈവന്നു. കള്ളപ്പണ വ്യവസ്ഥിതിയെ ഇന്നോളം അനുഭാവത്തോടെയേ സർക്കാർ വീക്ഷിച്ചിട്ടുള്ളു. ഇടയ്ക്കിടയ്ക്കു കള്ളപ്പണത്തെ നിയമവിധേയമാക്കാനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നുണ്ട്. ഇതിനർത്ഥം, ഇന്ത്യയിൽ കള്ളപ്പണത്തിനും സർക്കാരിനും ഇടയ്ക്കു മറ്റു ജനാധിപത്യ രാജ്യങ്ങളിലില്ലാത്ത എത്രയോ സ്ഥൂലമായ ബന്ധങ്ങളുണ്ടെന്നാണ് ശ്രീ സിംഗ് വെട്ടിത്തുറന്നു പറയുന്നത്. ഉയർന്ന വൃത്തങ്ങളിലുള്ള രാഷ്ട്രീയക്കാരോടും ഉദ്യോഗസ്ഥ മേധാവികളോടും അടുത്ത ബന്ധങ്ങൾ സ്ഥാപിച്ചിട്ടുള്ളവരാണ് ഇന്ത്യയിലെ പ്രധാന കള്ളപ്പണക്കാർ. ഈ ബന്ധങ്ങൾ ഉപയോഗപ്പെടുത്തി അപ്പോഴപ്പോൾ നൽകുന്ന കോഴ സർക്കാരിൻെറ സാമ്പത്തിക നിർണ്ണയങ്ങളിലും ഭരണത്തിലും അവിഹിതസ്വാധീനം ചെലുത്തുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർക്കോ, രാഷ്ട്രീയ നേതാക്കൾക്കോ സ്വന്തം വിവേചനം ഉപയോഗിക്കാൻ വകയുള്ള ഏതു നിർണയത്തിൻെറയും അടിയിൽ കോഴയുണ്ടെന്ന വിശ്വാസം ഇന്ത്യയിൽ ഇന്നു പരക്കെയുണ്ട്. വിദേശങ്ങളുമായുള്ള കോൺട്രാക്ടുകളിൽ, കോൺട്രാക്ടു തുകയുടെ വലിപ്പത്തിനനുസരിച്ചായിരിക്കും കോഴയുടെ വലിപ്പം.

‘ഇന്ത്യയുടെ സമ്പത്തിൽ ഭൂരിഭാഗവും ഒരു ചെറു ന്യൂനപക്ഷം കൈയടക്കിയിരിക്കുന്നു’ എന്നു ശ്രീ സിംഗ് പറയുന്നു. രാജ്യത്തിലെ ഉപഭോഗത്തിൻെറ മൂന്നിലൊന്ന് ഈ ന്യൂനപക്ഷത്തിനുവേണ്ടിയാണ്. ഇന്ത്യയിൽ മനുഷ്യൻെറ സാമൂഹ്യ–അന്തസ്സ് നിർണയിക്കുന്നത് പണമാണെന്നു വന്നിരിക്കുന്നു. കള്ളപ്പണക്കാർ സമൂഹനേതാക്കളായി വിലസുന്നു. അധികാരവും സ്വാധീനവും അവർക്കുള്ളതാണ്. അതേസമയം ദരിദ്രർ കൂടുതൽ ദരിദ്രരാവുന്നു. ‘രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ ദരിദ്രഗ്രാമീണർ സംഘടിച്ച് അക്രമങ്ങൾ നടത്തുന്നതായി നാം കാണുന്നുണ്ടെങ്കിൽ, അതു വ്യക്തികളുടെ അനിയന്ത്രിതമായ ധനമോഹത്തിനെതിരെയുള്ള അവരുടെ പ്രതിഷേധമാകുന്നു’ എന്നു സിംഗ് പറയുന്നു.

ഇന്ത്യയിലെ ഇന്നത്തെ അഴിമതിവ്യവസ്ഥയ്ക്കു താഴെ ചേർക്കുന്ന അഞ്ചു കാരണങ്ങൾ ശ്രീ സിംഗ് ചൂണ്ടിക്കാണിക്കുന്നു:

1. കള്ളപ്പണത്തിൻെറ വളർച്ചയ്ക്കെതിരേ ധീരങ്ങളായ നടപടികൾ കേന്ദ്രസർക്കാർ കൈക്കൊണ്ടില്ല. നേരെ മറിച്ച്, കള്ളപ്പണത്തെ നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ കൂടെക്കൂടെ കൈക്കൊള്ളുകയും ചെയ്തു.

2. രാഷ്ട്രീയക്കാരുടെ കാലുമാററത്തെ സർക്കാർ നിയമം നിർമിച്ചു തടഞ്ഞില്ല.

3. കള്ളപ്പണക്കാർ രാഷ്ട്രീയപ്പാർട്ടികളിൽ, പ്രത്യേകിച്ച് തെരഞ്ഞെടുപ്പുകളിൽ, അവിഹിത സ്വാധീനം ചെലുത്തുന്നത് നിരുത്സാഹപ്പെടുത്തിയില്ല.

4. മന്ത്രിമാർക്ക് ഒരു സദാചാര സംഹിത സർക്കാർ ഉണ്ടാക്കിയില്ല. ഇതിനായി നിയമം നിർമിക്കാമായിരുന്നു; അതു ചെയ്തില്ല.

5. അഴിമതിയാരോപണങ്ങൾ അന്വേഷിക്കുന്നതിനു ഓംബുഡ്സ്മാൻ (ലോക്പാൽ) സംവിധാനം ഉണ്ടാക്കിയില്ല.

നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കാനുള്ള രാഷ്ട്രീയനേതൃത്വത്തിന്റെ കഴിവുകേടാണ് ഇവിടെയെല്ലാം ശ്രീ സിംഗ് കാണുന്നത്.

തന്റെ പ്രസംഗങ്ങളുടെ അവസാനത്തിൽ ശ്രീ സിംഗ് ഏതാനും ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്.

—നമ്മുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം ധർമ്മമാണെന്നു പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ?

—നമ്മുടെ ദേശീയപതാക സൂചിപ്പിക്കുന്ന ദേശീയാഭിലാഷങ്ങളും ദേശീയമൂല്യങ്ങളും നാം പുലർത്തുന്നുണ്ടോ?

—ആദർശങ്ങൾ കൈവെടിഞ്ഞ് ആത്മാവു നഷ്ടപ്പെട്ട ഒരു രാഷ്ട്രം ഈ അപരാധങ്ങൾക്കു കനത്ത പ്രായശ്ചിത്തം, ഉടനെയോ വൈകിയോ, ചെയ്യാതെ ഒക്കുമോ?

'ഒരു തലമുറ മുമ്പു വരെ 'സത്യസന്ധരുടെ രാഷ്ട്രം' ആയിരുന്ന ഇന്ത്യ, സ്വാതന്ത്ര്യലബ്ധിക്കുശേഷം 'കള്ളന്മാരുടെ രാഷ്ട്രം' ആയി മാറി യെന്നു ശ്രീ ബി. കെ. നെഹ്റു പ്രസ്താവിക്കുകയുണ്ടായി. ശ്രീ. എൽ. പി. സിംഗിനു പറയാനുള്ളതും മറ്റൊന്നല്ല.

ഭരണത്തിന്റെ വിവിധ മേഖലകളിൽ അത്യുന്നത സ്ഥാനങ്ങൾ വഹിച്ച ഈ രണ്ട് മുൻഗവർണർമാരും ഇന്നത്തെ രാഷ്ട്രീയ നേതൃത്വത്തിനെതിരെ കടുത്ത ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

ഈ ആരോപണങ്ങൾ കേട്ടില്ലെന്നു രാഷ്ട്രീയ നേതൃത്വം നടിക്കുന്നതു് രാജ്യത്തിന്റെ നന്മയ്ക്കായിരിക്കുകയില്ല.

(15 മാർച്ച്, 1983)

# 56. തെരഞ്ഞെടുപ്പ് അഴിമതി, കാലുമാററം

ഇന്ത്യയിൽ സമൂഹജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും, കായലുകളിൽ ആഫ്രിക്കൻ പായൽപോലെ, അഴിമതി വളർന്നു മുററിയിരിക്കുകയാണല്ലോ. മന്ത്രിമാരെയും നിയമസഭാംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനു നാം അവലംബിച്ചുവരുന്ന സമ്പ്രദായങ്ങളാണ് വളരെ വലിയ അളവിൽ ഇന്ത്യയിലെ അഴിമതിയുടെ ഉറവിടം എന്ന കാര്യത്തിലും എല്ലാ ചിന്തകന്മാരും ഏറെക്കുറെ യോജിക്കുന്നു.

'അധികാരം തോക്കിൻകുഴലിലൂടെ' എന്ന മാവോസിദ്ധാന്തം ഭാഗ്യവശാൽ, ഇനിയും ഇന്ത്യയിൽ നടപ്പിലായിക്കഴിഞ്ഞിട്ടില്ല. 'അധികാരം തെരഞ്ഞെടുപ്പിലൂടെ' എന്നതാണ് ഇന്നും ഇന്ത്യയിലെ നിയമം. തെരഞ്ഞെടുപ്പിൽ പങ്കെടുത്തു വോട്ടുചെയ്യുന്നതിനു നമ്മുടെ നാട്ടിൽ പ്രായപൂർത്തി എത്തിയ എല്ലാവർക്കും അവകാശമുണ്ട്. വോട്ടർപട്ടികയിൽ തന്റെ പേരും ഉൾപ്പെടുത്താൻ തക്കസമയത്തു് വോട്ടർ ശ്രദ്ധിച്ചിരിക്കണമെന്നേ ഉള്ളു. അങ്ങനെ, വോട്ടു കൊടുക്കുന്നതിനുള്ള അധികാരം എല്ലാവർക്കും ഉണ്ടെങ്കിലും വോട്ടു നേടാനുള്ള കഴിവ്, ഇവിടെ എല്ലാവർക്കുമില്ല. ഇന്ത്യയിൽ വളരെ പണച്ചെലവുള്ള ഒരേർപ്പാടാണ് തെരഞ്ഞെടുപ്പ്. സംസ്ഥാന നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ലക്ഷക്കണക്കിലും കേന്ദ്രനിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ കോടിക്കണക്കിലും രൂപ ഓരോ സ്ഥാനാർത്ഥിയും ചെലവഴിക്കേണ്ടിവരുന്നു. ഇത്രയും പണം സ്വന്തം കൈയിൽനിന്നു ചെലവഴിക്കുക മിക്കവർക്കും